കെ.പി.എം ഹാരിസ്

# എൻ.പി.എം റസാഖ് ഇച്ഛാശക്തിയുടെ മഹനീയ മാതൃക

**ഇച്ഛാശക്തിയുടെ** മഹനീയ മാതൃകയായിരുന്നു എൻ.പി.എം റസാഖ്. രോഗമല്ല ആയുസ്സിന്റെ ദൈർഘ്യം നിർണയിക്കുന്നത് എന്നുറപ്പിച്ച് അല്ലാഹുവിന്റെ അവധിയെത്തും വരെ പ്രസ്ഥാന പ്രവർത്തന രംഗത്ത് ഒരു പോരാളിയായി റസാഖ് ഉണ്ടായിരുന്നു.

സ്വയം ചിരിച്ചും സഹപ്രവർത്തകരെ ചിരിപ്പിച്ചും പ്രവർത്തന രംഗത്ത് ചിട്ടയും ഉയർന്ന നിലവാരവും കാത്തു സൂക്ഷിച്ചു. പ്രസ്ഥാനത്തിന് വേണ്ടി പുതിയൊരാളെ കണ്ടെത്താനുള്ള അടങ്ങാത്ത ആവേശം അദ്ദേഹത്തിനുണ്ടായിരുന്നു. അഞ്ച് വർഷങ്ങൾക്ക് മുമ്പാണ് രണ്ട് കിഡ്നിയും നഷ്ടപ്പെട്ടു എന്ന വാർത്ത അറിയുന്നത്. പക്ഷേ, ഒരു പുഞ്ചിരിയോടെ എല്ലാം ഏറ്റുവാങ്ങി അവസാനം അല്ലാഹുവിലേക്ക് യാത്രയാകുമ്പോഴും ഡിസംബർ 19 –ന് നടത്താനിരുന്ന വിജ്ഞാന പരീക്ഷയുടെ ചോദ്യപേപ്പർ കീശയിലുണ്ടായിരുന്നു.

കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഏരിയയിലെ പുറ്റെക്കാട് ഗ്രാമത്തിൽ ഇസ്‌ലാമിക പ്രവർത്തനത്തിന്റെ വെളിച്ചവുമായി ഇരുപതു വർഷം അദ്ദേഹം നിറഞ്ഞു നിന്നു. 'സന്മാർഗ' എന്ന പേരിൽ ആരംഭിച്ച



കൂട്ടായ്മയിൽ തുടങ്ങി ആയിരത്തിലധികം ആളുകൾ പങ്കെടുത്ത വലിയ സമ്മേളനം വരെ ഒരു ഹൽഖയുടെ കീഴിൽ നടത്തി. പള്ളിയും മദ്റസയും ഇംഗ്ലീഷ് മീഡിയം സ്കൂളുമായി പ്രസ്ഥാനം അവിടെ വളർന്നു. അതിന്റെ മുന്നണി പോരാളിയായി അദ്ദേഹം ഉണ്ടായിരുന്നു.

രോഗം വന്നതിനുശേഷമായിരുന്നു അദ്ദേഹം കൂടുതൽ കരുത്തനായത്. ഡയാലിസിസ് മാത്രമായിരുന്നു ചികിത്സ. മരുന്നുകൾ ഉപേക്ഷിച്ച് സ്വയം രോഗത്തെ നിയന്ത്രിച്ച് അദ്ദേഹം വ്യതിരിക്തനായി. ഡയാലിസിസിന്റെ തലേന്ന് പോലും ബൈക്കുമായി പ്രസ്ഥാന പരിപാടികൾക്ക് ഓടിയെത്തുമായിരുന്നു. രോഗം കൊണ്ട് കടുത്ത പ്രയാസം അനുഭവിക്കുമ്പോഴും ആരെയും ഒന്നുമറിയിക്കാതെ എല്ലാം ചെയ്തു തീർത്തു. ഒരു സ്കൂൾ ഒറ്റക്ക് നടത്തിക്കൊണ്ട് പോയി. സാമ്പത്തിക പ്രതിസന്ധികൾപോലും ആരെയും അറിയിച്ചിരുന്നില്ല.

ഫറോക്ക് ഡയലോഗ് സെന്റർ സെക്രട്ടറി, ഹൽഖാ സെക്രട്ടറി, ഹൽഖാ നാസിം, പള്ളികമ്മിറ്റി സെക്രട്ടറി, സന്മാർഗ ഫൗണ്ടേഷൻ സെക്രട്ടറി, സകാത്ത് കമ്മിറ്റി സെക്രട്ടറി, സോളിഡാരിറ്റി ഏരിയ പി.ആർ സെക്രട്ടറി, ജ.ഇ ഏരിയാ അസി. സെക്രട്ടറി തുടങ്ങിയ ഉത്തരവാദിത്വങ്ങളോടൊപ്പം മദ്റസാ അധ്യാപകൻ, ഖുർആൻ സ്റ്റഡിസെന്റർ അധ്യാപകൻ, അൽഫലാഹ് ഇംഗ്ലീഷ് സ്കൂൾ ഡയറക്ടർ, സനാബിൽ ചാരിറ്റബ്ൾ ട്രസ്റ്റ് സെക്രട്ടറി എന്നിവയും അദ്ദേഹം വഹിച്ചിരുന്നു. ജമാഅത്തെ ഇസ്‌ലാമി കാർകുൻ ആയിരുന്നു. കെ.വി അബ്ദുൽ ലത്വീഫ് മൗലവിയുടെ (എസ്.എൽ.ആർ.സി) ഖുർആൻ സ്റ്റഡി സെന്ററിൽ മുടങ്ങാതെ പഠിക്കാൻ പോയിരുന്നു. മരണത്തോട് മല്ലിടുമ്പോഴും രണ്ട് ഖുർആൻ സ്റ്റഡി സെന്റർ നടത്തി അദ്ദേഹം കടന്നുപോയി. ■